**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1299 06/02/2020 ൽ മറുപടിയ്ക്ക്**

**ഭരണഘടനാ സാക്ഷരതാ പരിപാടി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ഐ.സി.ബാലകൃഷ്ണൻ** | **പ്രൊഫ. സി. രവീന്ദ്രനാഥ്**<br>**(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| (എ) സാക്ഷരതാ മിഷന്റെ ആഭിമുഖ്യത്തിൽ ഭരണഘടനാ സാക്ഷരതാ പരിപാടി സംഘടിപ്പിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇതിന്റെ ഭാഗമായി നടത്തുന്ന പരിപാടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (ബി) കേരള സംസ്ഥാന സാക്ഷരതാ മിഷൻ കേരള നിയമസഭയുമായി ചേർന്ന് ഭരണഘടനാ സാക്ഷരതാ ജനകീയ വിദ്യാഭ്യാസ പരിപാടിയുടെ ഒന്നാംഘട്ടം 2018 നവംബർ 26-ന് ആരംഭിച്ചു. ഭരണഘടനാ ആശയങ്ങളെ ആധാരമാക്കി 'ഭരണഘടനാ സാക്ഷരതാ പുസ്തകം' എന്ന പേരിൽ തയ്യാറാക്കിയ പുസ്തകം പ്രകാശനം ചെയ്തു. ജില്ലാ-ബ്ലോക്ക്-മുനിസിപ്പൽ- കോർപ്പറേഷൻ - ഗ്രാമ പഞ്ചായത്ത് തലങ്ങളിൽ ഭരണഘടനാ സംരക്ഷണ സംഗമങ്ങൾ സംഘടിപ്പിച്ചു. 2019 ജനുവരി 14 മുതൽ 24 വരെ കാസർഗോഡ് മഞ്ചേശ്വരം മുതൽ തിരുവനന്തപുരം വെഞ്ഞാറമൂട് വരെ സംസ്ഥാന സാക്ഷരതാ മിഷൻ ഭരണഘടനാ സന്ദേശ യാത്ര സംഘടിപ്പിച്ചു. ഭരണഘടനാ സാക്ഷരതാ ജനകീയ വിദ്യാഭ്യാസ പരിപാടിയുടെ രണ്ടാം ഘട്ടം 2020 ജനുവരി 1 മുതൽ 30 വരെ നീണ്ടുനിന്ന വിപുലമായ പരിപാടികളോടെ സംസ്ഥാന തലത്തിൽ സംഘടിപ്പിച്ചു. ജനുവരി 3 മുതൽ പതിനാല് ജില്ലകളിലും 'ഇന്ത്യ എന്ന റിപ്പബ്ലിക്ക്' എന്ന പേരിൽ കലാജാഥ സംഘടിപ്പിച്ചു. 'ഇന്ത്യ എന്ന റിപ്പബ്ലിക് '- ഭരണഘടനാ സാക്ഷരതാ ലഘുപുസ്തകം പ്രസിദ്ധീകരിച്ചു. സംസ്ഥാനത്തുടനീളം അയ്യായിരം കേന്ദ്രങ്ങളിലായി അഞ്ച് ലക്ഷത്തോളം പേരിലേക്ക് ഭരണഘടനാ സന്ദേശങ്ങൾ എത്തിക്കുകയും ഭരണഘടനയുടെ ആമുഖം വായിക്കുകയും ചെയ്തു. 'ഇന്ത്യ എന്ന റിപ്പബ്ലിക് ' എന്ന ആശയത്തെ ആസ്പദമാക്കി പ്രദർശനവും പ്രഭാഷണ പരമ്പരയും സംഘടിപ്പിച്ചു. ജനുവരി 30 ന് തിരുവനന്തപുരം ഗാന്ധിപാർക്കിൽ സാക്ഷരതാ മിഷൻ പ്രവർത്തകരെയും പഠിതാക്കളെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള റാലിയും ജനകീയ സംഗമവും സംഘടിപ്പിച്ചു. |

സെക്ഷൻ ഓഫീസർ